**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1532** **10-10-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം നിയോജക മണ്ഡലത്തിലെ ഭൂമി തരം മാറ്റൽ അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. കെ. രാജൻ**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം മണ്ഡലത്തിൽ ഭൂമി തരം മാറ്റൽ പ്രക്രിയക്കുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ; തീർപ്പാക്കലിന് കാലതാമസം വന്നതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ; | (എ) | മലപ്പുറം മണ്ഡലത്തിൽ ഭൂമി തരം മാറ്റലുമായി ബന്ധപ്പെട്ട് തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണം വില്ലേജ് തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>അപേക്ഷകളുടെ ബാഹുല്യം, അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ കൃത്യമായി അപേക്ഷകർ ഉള്ളടക്കം ചെയ്യാത്തത് എന്നിവയാണ് അപേക്ഷകൾ തീർപ്പാക്കാൻ കാലതാമസത്തിന് ഇടയാക്കുന്നത്. |
| (ബി) | ഭൂമി തരംമാറ്റൽ അപേക്ഷകൾ നിലവിൽ കൈകാര്യം ചെയ്യുന്നതിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കാനുതകുംവിധം പുതിയ സോഫ്റ്റ്‌വെയർ ക്രമീകരണം പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഭൂമി തരംമാറ്റൽ അപേക്ഷകൾ നിലവിൽ കൈകാര്യം ചെയ്യുന്നതിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കാനുതകും വിധം സോഫ്റ്റ്‌വെയർ ക്രമീകരണം പൂർത്തിയായിട്ടുണ്ട്. |
| (സി) | മലപ്പുറം ജില്ലയിൽ ഭൂമി തരംമാറ്റൽ അപേക്ഷകൾ തീർപ്പാക്കാൻ നടത്തിയിട്ടുള്ള ഉദ്യോഗസ്ഥ ക്രമീകരണം വിശദമാക്കുമോ; | (സി) | 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം, ഭൂമി തരംമാറ്റത്തിനായി ശേഷിക്കുന്ന അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിനും, തുടർന്നും ലഭിച്ചു കൊണ്ടിരിക്കുന്ന അപേക്ഷകളിൽ കാലതാമസം കൂടാതെ നടപടി സ്വീകരിക്കുന്നതിനുമായി, പുറപ്പെടുവിച്ച 01.09.2023-ലെ സ.ഉ.(കൈ) നം. 206/2023/RD ഉത്തരവ് പ്രകാരം, ഭൂമി തരംമാറ്റ അപേക്ഷകളിൽ കാലതാമസം കൂടാതെ നടപടി സ്വീകരിക്കുന്നതിനായി, രണ്ട് വർഷത്തിന് ശേഷം വരുന്ന ഒഴിവുകളിൽ ജീവനക്കാരെ ആഗിരണം ചെയ്യാമെന്ന നിബന്ധനയിൽ, രണ്ട് വർഷത്തേയ്ക്ക് താല്ക്കാലിക തസ്തിക സൃഷ്ടിച്ച്, 6 ജൂനിയർ സൂപ്രണ്ട്മാരെ സ്ഥാനക്കയറ്റത്തിലൂടെയും 19 ക്ലാർക്ക്മാരെ പി.എസ്.സി മുഖേനയും സർക്കാർ ഉത്തരവിന് വിധേയമായി മലപ്പുറം ജില്ലയിൽ നിയമിച്ചിട്ടുണ്ട്.<br><br>2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിന്റെ അടിസ്ഥാനത്തിൽ, റവന്യൂ ഡിവിഷണൽ |

| | | | |
|---|---|---|---|
| | | | ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതായ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് സംസ്ഥാനത്തെ വിവിധ താലൂക്കുകളിൽ ഡെപ്യൂട്ടി കളക്ടർമാരെ നിയോഗിച്ചു കൊണ്ട്, 27-06-2024-ലെ സ.ഉ.(അച്ചടി) നം..140/2024/RD, 28-06-2024-ലെ സ.ഉ.(അച്ചടി)നം.142/2024/RD ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. അതനുസരിച്ച് 01.07.2024 മുതൽ സംസ്ഥാനത്തെ 27 റവന്യൂ ഡിവിഷണൽ ഓഫീസർമാർ ചെയ്തുവന്നിരുന്ന തരം മാറ്റ നടപടികൾ താലൂക്ക് അടിസ്ഥാനത്തിൽ വീതിച്ച് മറ്റു 44 ഡെപ്യൂട്ടി കളക്ടർമാർക്കു കൂടി നല്കിക്കൊണ്ട് തരംമാറ്റത്തിനുള്ള അധികാരം 71 RDO (Sub Collector/ Deputy Collector) മാരിലേക്ക് വികേന്ദ്രീകരിച്ച് നൽകിയിട്ടുണ്ട്.<br><br>ഇപ്രകാരം പെരിന്തൽമണ്ണ റവന്യൂ ഡിവിഷണൽ ഓഫീസിനു കീഴിലുള്ള, പെരിന്തൽമണ്ണ ഏറനാട് താലൂക്കുകളുടെ ചുമതല, യഥാക്രമം, സബ്കളക്ടർ/ ആർ.ഡി.ഒ പെരിന്തൽമണ്ണ, ഡെപ്യൂട്ടി കളക്ടർ (എൽ. ആർ) എന്നിവർക്കും, നിലമ്പൂർ, കൊണ്ടോട്ടി താലൂക്കുകളുടെ ചുമതല, ഡെപ്യൂട്ടി കളക്ടർ (ഡി. എം) നും, തിരൂർ റവന്യൂ ഡിവിഷണൽ ഓഫീസിനു കീഴിലുള്ള, തിരൂർ, പൊന്നാനി, തിരൂരങ്ങാടി താലൂക്കുകളുടെ ചുമതല, യഥാക്രമം, സബ് കളക്ടർ/ ആർ ഡി ഒ തിരൂർ, ഡെപ്യൂട്ടി കളക്ടർ (ആർ ആർ), ഡെപ്യൂട്ടി കളക്ടർ (എൽഎ) എന്നിവർക്കും നൽകിയിട്ടുള്ളതാണ്. |
| (ഡി) | പ്രസ്തുത നടപടിക്കായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും ആവശ്യമായ താൽക്കാലിക നിയമനങ്ങൾ നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | സംസ്ഥാനത്ത് 27 റവന്യൂ ഡിവിഷണൽ ഓഫീസുകളിലായി ലഭിച്ച, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള തരം മാറ്റത്തിനുള്ള അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിരുന്നതിനാൽ, അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട്, 22.02.2022-ലെ സ.ഉ.(കൈ) നം. 56/2022/RD പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലൂടെ, ജൂനിയർ സൂപ്രണ്ടുമാരെ സെലക്ട് ലിസ്റ്റിൽ നിന്നും താത്ക്കാലികമായി ഉദ്യോഗക്കയറ്റം നൽകിയും, ക്ലാർക്ക്/ഡാറ്റാ എൻട്രി ഓപ്പറേറ്റർ, എന്നിവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ചു കൊണ്ടും, 990 താത്ക്കാലിക തസ്തികകൾ 6 മാസത്തേക്ക് സൃഷ്ടിച്ചു കൊണ്ടും, ഉത്തരവായിരുന്നു.<br><br>തുടർന്ന്, പൊതു താല്പര്യം പരിഗണിച്ച്, 22.02.2022-ലെ സ.ഉ. (കൈ) നം. 56/2022/RD സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമിച്ച താത്ക്കാലിക ജീവനക്കാരുടെ സേവനം, 179 ദിവസ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് , ഒരു ദിവസത്തെ |

| | | | |
|---|---|---|---|
| | | | ഇടവേള നല്കിയശേഷം താത്ക്കാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി 179 ദിവസത്തേക്കുകൂടി ദീർഘിപ്പിച്ചു കൊണ്ട്, സേവനകാലാവധി വീണ്ടും ദീർഘിപ്പിക്കുകയില്ല എന്ന നിബന്ധനയോടെ, പുനർനിയമിച്ച് 26-11-2022-ലെ സ.ഉ.(കൈ) നം.278/2022/RD ഉത്തരവും പുറപ്പെടുവിച്ചിരുന്നു.<br><br>കൂടാതെ, 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം, ഭൂമി തരംമാറ്റത്തിനായി ശേഷിക്കുന്ന അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിനും, തുടർന്നും ലഭിച്ചു കൊണ്ടിരിക്കുന്ന അപേക്ഷകളിൽ കാലതാമസം കൂടാതെ നടപടി സ്വീകരിക്കുന്നതിനുമായി, പുറപ്പെടുവിച്ച 01.09.2023-ലെ സ.ഉ.(കൈ) നം. 206/2023/RD ഉത്തരവ് പ്രകാരം, ഭൂമി തരംമാറ്റ അപേക്ഷകളിൽ കാലതാമസം കൂടാതെ നടപടി സ്വീകരിക്കുന്നതിനായി, രണ്ട് വർഷത്തിന് ശേഷം വരുന്ന ഒഴിവുകളിൽ ജീവനക്കാരെ ആഗിരണം ചെയ്യാമെന്ന നിബന്ധനയിൽ, രണ്ട് വർഷത്തേയ്ക്ക് താല്ക്കാലിക തസ്തിക സൃഷ്ടിച്ച്, 6 ജൂനിയർ സൂപ്രണ്ട്മാരെ സ്ഥാനക്കയറ്റത്തിലൂടെയും 19 ക്ലർക്ക്മാരെ പി.എസ്.സി മുഖേനയും സർക്കാർ ഉത്തരവിന് വിധേയമായി മലപ്പുറം ജില്ലയിൽ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| ക്രമ നമ്പർ | വില്ലേജ് | തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | മലപ്പുറം | 55 |
| 2 | പാണക്കാട് | 108 |
| 3 | മേൽമുറി | 189 |
| 4 | മൊറയൂർ | 149 |
| 5 | പൂക്കോട്ടൂർ | 244 |
| 6 | ആനക്കയം | 164 |
| 7 | പന്തല്ലൂർ | 59 |
| 8 | പുൽപ്പറ്റ | 138 |
| 9 | കോട്ടൂർ | 120 |
| ആകെ | | 1226 |

"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം തരംമാറ്റത്തിനായുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനായി രണ്ട് വർഷത്തേയ്ക്ക്, താൽക്കാലിക തസ്തിക സൃഷ്ടിച്ച്, സ്ഥാനക്കയറ്റം വഴിയും പി.എസ്.സി. മുഖേനയും സ്ഥിര ജീവനക്കാരെ നിയമിക്കുന്നതിന് -അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(കൈ) നം.206/2023/RD തീയതി,തിരുവനന്തപുരം, 01-09-2023

പരാമർശം:-
1. 22.02.2022-ലെ സ.ഉ (കൈ) നം.56/2022/RD ഉത്തരവ്.
2. 26.11.2022-ലെ സ.ഉ (കൈ) നം.278/2022/RD ഉത്തരവ്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 22.05.2023-ലെ 3045/2022-LR-R1 നം.റിപ്പോർട്ട്.

**ഉത്തരവ്**

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരം മാറ്റത്തിനുള്ള അപേക്ഷകൾ ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ, പ്രസ്തുത അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട്, പരാമർശം (1) പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. തുടർന്ന്, പൊതു താല്പര്യം പരിഗണിച്ച്, ശേഷിക്കുന്ന അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കുന്നതിനായി, സേവനകാലാവധി വീണ്ടും ദീർഘിപ്പിക്കുകയില്ല എന്ന നിബന്ധനയോടെ, പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമിച്ച താത്ക്കാലിക ജീവനക്കാരുടെ സേവനം, 179 ദിവസ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക്, ഒരു ദിവസത്തെ ഇടവേള നല്കിയശേഷം, താത്ക്കാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി 1 7 9 ദിവസത്തേക്കുകൂടി ദീർഘിപ്പിച്ചു കൊണ്ട് പുനർനിയമിക്കുന്നതിനും, അനുവദിച്ച അനുബന്ധ സൗകര്യങ്ങളുടെ കാലാവധി 6 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നതിനും, പരാമർശം (2) പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. ഭൂമി തരംമാറ്റം പോലുള്ള ഫയലുകൾ അടിയന്തിരമായി തീർപ്പാക്കേണ്ടതുണ്ട് എന്നതിനാൽ, ആയത്, റവന്യൂ ഡിവിഷണൽ ആഫീസുകളിലെ നിലവിലുള്ള മാനുഷിക ശേഷിക്ക് അപ്രാപ്യമായ സംഗതിയാണെന്നും, ആയതിനാൽ ജൂനിയർ സൂപ്രണ്ടുമാരുടെയും സീനിയർ ക്ലാർക്കുമാരുടെയും താത്ക്കാലിക തസ്തിക സൃഷ്ടിച്ച്, ടി തസ്തികകളിലേയ്ക്ക് താത്ക്കാലികമായി ജീവനക്കാരെ സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നതിനുള്ള അനുമതി നൽകണമെന്നും, പരാമർശം (1)-ലെയും പരാമർശം (2)-ലെയും ഉത്തരവുകൾ പ്രകാരം ജോലി ചെയ്തിരുന്ന താത്ക്കാലിക ജീവനക്കാരുടെ കാലാവധി 02.06.2023 തീയതി മുതൽ അവസാനിച്ച സാഹചര്യത്തിൽ, പരാമർശം ( 3 ) പ്രകാരം, ലാൻഡ് റവന്യൂ കമ്മീഷണർ

ആവശ്യപ്പെട്ടിരുന്നു.

4. ലാൻഡ് റവന്യൂ കമ്മീഷണറുടെ ടി നിർദ്ദേശം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ഭൂമി തരം മാറ്റത്തിന് കുടിശ്ശികയായി കിടന്ന ഓഫ് ലൈൻ അപേക്ഷകൾ തീർപ്പാക്കുന്നതിന്, മേൽ പ്രകാരം ലഭ്യമാക്കിയ അധിക സൗകര്യങ്ങൾ വളരെയേറെ പ്രയോജനപ്പെടുകയുണ്ടായി. സംസ്ഥാനത്താകെ, നിലവിൽ, തരം മാറ്റത്തിനായി ലഭിച്ച 2 ലക്ഷത്തിലധികം ഓൺലൈൻ അപേക്ഷകൾ തീർപ്പാക്കാനായുള്ളതാണ്. കൂടാതെ, പ്രതിദിനം 500-ൽ അധികം ഓൺലൈൻ അപേക്ഷകൾ, സംസ്ഥാനത്താകെയുള്ള റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ ലഭിച്ചു കൊണ്ടിരിക്കുന്നുമുണ്ട്. മാത്രമല്ല, പരാമർശം (1)-ലെയും പരാമർശം (2)-ലെയും ഉത്തരവുകൾ പ്രകാരം ജോലി ചെയ്തിരുന്ന താത്ക്കാലിക ജീവനക്കാരുടെ കാലാവധി 02.06.2023 തീയതി മുതൽ അവസാനിച്ച സാഹചര്യത്തിൽ, എല്ലാ ജീവനക്കാരും പിരിഞ്ഞു പോയിട്ടുമുണ്ട്.

5. തരംമാറ്റവുമായി ബന്ധപ്പെട്ട വിവിധ രേഖകളുടെ പരിശോധന, വില്ലേജ് ഓഫീസർ / കൃഷി ഓഫീസർ എന്നിവർ സമർപ്പിക്കുന്ന റിപ്പോർട്ടുകളുടെ പരിശോധന, പരിവർത്തന ഫീസ് കണക്കുകൂട്ടൽ, സ്ഥലപരിശോധന ഉറപ്പാക്കേണ്ട കേസുകളിൽ KSREC റിപ്പോർട്ട് ശേഖരിച്ച് പരിശോധിക്കൽ എന്നിവയും, കൂടാതെ, വൈകിയുള്ള ജനന-മരണ രജിസ്ട്രേഷൻ, മജിസ്റ്റീരിയൽ നടപടിക്രമങ്ങൾ, രക്ഷാകർത്താക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമം സംബന്ധിച്ച നിയമം, ഭൂമിയുടെ ന്യായവില നിർണ്ണയം, CrPC വകുപ്പ് 174, 133, പ്രകാരമുള്ള നടപടികൾ, പലവിധ അപ്പീലുകൾ, എന്നിങ്ങനെ അനവധി ചുമതലകൾ, ദിനംപ്രതി, റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ സമയബന്ധിതമായി കൈകാര്യം ചെയ്യേണ്ടതായിട്ടുണ്ട്. എന്നാൽ, ജോലി ഭാരത്തിന് അനുസരിച്ചുള്ള ജീവനക്കാർ റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ നിലവിലില്ലാത്തതാണ് .

6. ഭൂമി തരംമാറ്റ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനായി, താത്ക്കാലിക ജീവനക്കാരെ ഇനി നിയമിക്കണമെങ്കിൽ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പുതിയ ലിസ്റ്റ് ആവശ്യപ്പെട്ട് അതിൽ നിന്നും അഭിമുഖം നടത്തി നിയമിക്കണം. ആയതിന് തന്നെ ആറുമാസത്തോളം സമയം വേണ്ടിവരും. ഇത്തരത്തിൽ നിയമിക്കുന്ന ജീവനക്കാർക്ക് യൂസർനെയിം, പാസ്സ്‌വേർഡ് എന്നിവ നൽകാനോ റസ്പോൺസിബിലിറ്റി ഫിക്സ് ചെയ്യാനോ കഴിയില്ല. കൂടാതെ, ഭൂമി തരംമാറ്റത്തിനായുള്ള ഓൺലൈൻ അപേക്ഷകളെ സംബന്ധിച്ച്, ഇൻറർ മീഡിയറി ഓഫീസർമാരായ ജൂനിയർ സൂപ്രണ്ടുമാരുടെ എണ്ണവും കൂടുതലായി ആവശ്യമാണ്.

7. 2022-23 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഓൺലൈൻ അപേക്ഷകളുടെ തീർപ്പാക്കലിലൂടെ മാത്രം 385.79 കോടി രൂപ സർക്കാർ ഖജനാവിലേക്ക് എത്തി ചേർന്നിട്ടുള്ളതാണ്. ഇപ്രകാരം, ഭൂമി തരംമാറ്റ അപേക്ഷകളുടെ തീർപ്പാക്കലിലൂടെ, ഓരോ വർഷവും സർക്കാരിലേക്ക് ചുരുങ്ങിയത് 200 കോടി രൂപ ലഭിക്കുന്നതുമാണ്.

8. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം, ഭൂമി തരംമാറ്റത്തിനായി ശേഷിക്കുന്ന അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിനും, തുടർന്നും ലഭിച്ച കൊണ്ടിരിക്കുന്ന അപേക്ഷകളിൽ കാലതാമസം കൂടാതെ നടപടി സ്വീകരിക്കുന്നതിനുമായി, രണ്ട് വർഷത്തിനു ശേഷം വരുന്ന ഒഴിവുകളിൽ ജീവനക്കാരെ ആഗിരണം ചെയ്യാം എന്ന നിബന്ധനയിൽ, രണ്ട് വർഷത്തേയ്ക്ക് താത്ക്കാലിക തസ്തിക സൃഷ്ടിച്ച്, **6 8 ജൂനിയർ സൂപ്രണ്ട് മാരെ സ്ഥാനക്കയറ്റത്തിലൂടെയും, 181 ക്ലാർക്കുമാരെ പബ്ലിക് സർവ്വീസ് കമ്മീഷൻ** മുഖേനയും നിയമിക്കുന്നതിന് അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു. കൂടാതെ, മുമ്പ് സേവനമനുഷ്ഠിച്ചിരുന്ന 140 **സർവ്വേയർമാരിൽ നിന്നും, പ്രവർത്തന മികവ് പുലർത്തിയിട്ടുള്ള 123 സർവ്വേയർമാരെ, താത്ക്കാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ നിബന്ധനകൾക്ക്**

**വിധേയമായി,** ദിവസവേതന **അടിസ്ഥാനത്തിൽ** 179 ദിവസത്തേക്ക് കൂടി നിയമിക്കുന്നതിനും, ഫീൽഡ് പരിശോധനയ്ക്കായി 220 വാഹനങ്ങൾ വാടകയ്ക്ക് ഒരു വർഷത്തേക്ക് അനുവദിച്ചും ഉത്തരവാകുന്നു .

9. കോട്ടയം ജില്ലയിൽ, മേൽ സ്ഥാനക്കയറ്റങ്ങളും നിയമനങ്ങളും , തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം അവസാനിക്കുന്ന മുറയ്ക്ക് മാത്രം ബാധകമാകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാന്റ്റവന്യൂകമ്മീഷണർ,തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും
ധനകാര്യവകുപ്പ് ( 26.07.2023-ലെEXP-D1/25/2022-FIN പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം............................പ്രകാരം)
പ്രിൻസിപ്പൽ അക്കാണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (A&E) , കേരളം, തിരുവനന്തപുരം.
ഐ & പി. ആർ. ഡി വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Kadeeja A A
സെക്ഷൻ ഓഫീസർ
Date: 01-09-2023 15:59:28

പകർപ്പ് : ബഹു.മുഖ്യമന്ത്രിയുടെ പി.എസ്-ന്
ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
ബഹു.റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

റവന്യൂ വകുപ്പ് - കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് റവന്യൂ ഡിവിഷണൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതായ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ ഡെപ്യൂട്ടി കളക്ടർമാരെ നിയോഗിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(അച്ചടി) നം.140/2024/RD തീയതി,തിരുവനന്തപുരം, 27-06-2024

പരാമർശം:- 1. 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം.

2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 12.06.2024, 20.06.2024 തീയതികളിലെ LR/2207/2022-LR(A4) നം. റിപ്പോർട്ട്.

**ഉത്തരവ്**

2008-ലെ കേരള നെൽവയൽ- തണ്ണീർത്തട സംരക്ഷണ നിയമത്തിനും അനുബന്ധ ചട്ടങ്ങൾക്കും കീഴിൽ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് നിർണ്ണയിച്ചിട്ടുള്ളതും അപ്രകാരം അവരെ ചുമതലപ്പെടുത്തിയിട്ടുള്ളതുമായ അധികാരങ്ങൾ പൂർണ്ണമായോ ഭാഗികമായോ വിനിയോഗിക്കുന്നതിന്, ഇതിലേക്ക് സർക്കാർ പ്രത്യേകം ചുമതലപ്പെടുത്തുന്ന സംഗതിയിൽ, ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന്മാർക്ക് അധികാരം നൽകി നിയോഗിക്കുവാൻ സർക്കാർ തീരുമാനിക്കുകയും പ്രസ്തുത ഉദ്ദേശ ലക്ഷ്യം നിറവേറ്റുന്നതിനായി, 'റവന്യൂ ഡിവിഷണൽ ആഫീസർ' എന്നതിന്, വകുപ്പ് 2 (xvഎ) ആയി ചുവടെ ചേർത്ത നിർവ്വചനം നൽകിക്കൊണ്ട്, പരാമർശം (1) പ്രകാരമുള്ള 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്.

"റവന്യൂ ഡിവിഷണൽ ഓഫീസർ" എന്നാൽ സർക്കാർ റവന്യൂ ഡിവിഷണൽ ഓഫീസർമാരായി നിയമിക്കുന്ന ഉദ്യോഗസ്ഥർ എന്നർത്ഥമാകുന്നതും അതിൽ ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലുമോ എല്ലാമോ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് സർക്കാർ പൊതുവായോ പ്രത്യേകമായോ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തുന്ന ഡെപ്യൂട്ടി കളക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥരും ഉൾപ്പെടുന്നതുമാണ്."

2 . മേൽ പ്രകാരമുള്ള നിയമ ഭേദഗതിയുടെ അടിസ്ഥാനത്തിൽ, ഭൂമി തരംമാറ്റത്തിനായി നിലവിലുള്ളതും തീർപ്പുകൽപ്പിക്കാനിരിക്കുന്നതും തുടർന്നും ലഭിക്കുന്നതുമായ അപേക്ഷകളുടെ തീർപ്പാക്കൽ ചുമതലകൾക്കായി, സംസ്ഥാനത്തെ വിവിധ താലൂക്കുകളിൽ, പരാമർശം (2)-ലെ പട്ടിക പ്രകാരം ഡെപ്യൂട്ടി കളക്ടർമാരെ നിയോഗിച്ചു കൊണ്ട്

ഉത്തരവാകണമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തിട്ടുള്ളതാണ്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2008 – ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 2 ഉപവകുപ്പ് (xv എ) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച്, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരംമാറ്റത്തിനായി നിലവിലുള്ളതും തീർപ്പുകൽപ്പിക്കാനിരിക്കുന്നതും തുടർന്നും ലഭിക്കുന്നതുമായ അപേക്ഷകളുടെ തീർപ്പാക്കൽ ചുമതലകൾക്കായി, സംസ്ഥാനത്തെ വിവിധ താലൂക്കുകളിൽ ചുവടെ ചേർത്ത പട്ടിക പ്രകാരം ഡെപ്യൂട്ടി കളക്ടർമാരെ നിയോഗിച്ചു കൊണ്ട് ഉത്തരവാകുന്നു.

| ജില്ല | റവന്യൂ ഡിവിഷണൽ ഓഫീസ് | താലൂക്ക് | ചുമതല നൽകുന്ന ഉദ്യോഗസ്ഥർ |
|---|---|---|---|
| തിരുവനന്തപുരം | തിരുവനന്തപുരം | തിരുവനന്തപുരം | ഡെപ്യൂട്ടി കളക്ടർ (ഡി.എം) |
| | | ചിറയിൻകീഴ് | ഡെപ്യൂട്ടി കളക്ടർ (എൽ.ആർ) |
| | | വർക്കല | ഡെപ്യൂട്ടി കളക്ടർ (ആർ.ആർ) |
| | | നെയ്യാറ്റിൻകര | സബ് കളക്ടർ/ ആർ.ഡി.ഒ. തിരുവനന്തപുരം |
| | നെടുമങ്ങാട് | നെടുമങ്ങാട് | സബ് കളക്ടർ/ ആർ.ഡി.ഒ. , നെടുമങ്ങാട് |
| | | കാട്ടാക്കട | ഡെപ്യൂട്ടി കളക്ടർ (എൽ.എ) |
| | കൊല്ലം | കൊല്ലം | സബ് കളക്ടർ/ ആർ.ഡി.ഒ. , കൊല്ലം |
| | | | ഡെപ്യൂട്ടി കളക്ടർ (ആർ. |

| | | | |
|---|---|---|---|
| കൊല്ലം | | കരുനാഗപ്പള്ളി | [illegible] ആർ) |
| | | കുന്നത്തൂർ | ഡെപ്യൂട്ടി കളക്ടർ (എൽ.എ. ) |
| | പുനലൂർ | കൊട്ടാരക്കര | ഡെപ്യൂട്ടി കളക്ടർ (എൽ.ആർ. ) |
| | | പത്തനാപുരം | സബ് കളക്ടർ/ ആർ.ഡി.ഒ. പുനലൂർ |
| | | പുനലൂർ | |
| പത്തനംതിട്ട | തിരുവല്ല | തിരുവല്ല | സബ് കളക്ടർ/ആർ.ഡി.ഒ. , തിരുവല്ല |
| | | മല്ലപ്പള്ളി | ഡെപ്യൂട്ടി കളക്ടർ (എൽ.എ. ) |
| | | റാന്നി | ഡെപ്യൂട്ടി കളക്ടർ (എൽ. ആർ. ) |
| | അടൂർ | അടൂർ | സബ് കളക്ടർ/ ആർ.ഡി.ഒ. അടൂർ |
| | | കോഴഞ്ചേരി | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ. ) |
| | | കോന്നി | ഡെപ്യൂട്ടി കളക്ടർ (ഡി. എം. ) |
| | ആലപ്പുഴ | ചേർത്തല | ഡെപ്യൂട്ടി കളക്ടർ (ഡി. എം. ) |
| | | കുട്ടനാട് | സബ് കളക്ടർ/ ആർ.ഡി.ഒ. ആലപ്പുഴ |

| | | | |
|---|---|---|---|
| ആലപ്പുഴ | | അമ്പലപ്പുഴ | ഡെപ്യൂട്ടി കളക്ടർ (എൽ. ആർ. ) |
| | ചെങ്ങന്നൂർ | മാവേലിക്കര | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ. ) |
| | | കാർത്തികപ്പള്ളി | ഡെപ്യൂട്ടി കളക്ടർ (എൽ.എ. ) |
| | | ചെങ്ങന്നൂർ | സബ് കളക്ടർ/ ആർ.ഡി.ഒ. ചെങ്ങന്നൂർ |
| കോട്ടയം | കോട്ടയം | കോട്ടയം | സബ് കളക്ടർ/ ആർ.ഡി.ഒ. കോട്ടയം |
| | | ചങ്ങനാശ്ശേരി | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ. ) |
| | | കാഞ്ഞിരപ്പള്ളി | ഡെപ്യൂട്ടി കളക്ടർ (എൽ. ആർ. ) |
| | പാലാ | വൈക്കം | സബ് കളക്ടർ/ ആർ.ഡി.ഒ. പാല |
| | | മീനച്ചിൽ | ഡെപ്യൂട്ടി കളക്ടർ (എൽ.എ. ) |
| ഇടുക്കി | ഇടുക്കി | ഇടുക്കി | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ. ) |
| | | തൊടുപുഴ | സബ് കളക്ടർ/ ആർ.ഡി.ഒ. ഇടുക്കി |
| | | പീരുമേട് | ഡെപ്യൂട്ടി കളക്ടർ (എൽ. എ. & എൽ. ആർ. ) |

| | | | |
|---|---|---|---|
| | ദേവികളം | ദേവികളം | സബ് കളക്ടർ/ ആർ.ഡി.ഒ. ദേവികളം |
| | | ഉടുംമ്പൻചോല | |
| എറണാകുളം | ഫോർട്ട് കൊച്ചി | കൊച്ചി | സബ് കളക്ടർ/ ആർ.ഡി.ഒ. ഫോർട്ട് കൊച്ചി |
| | | കണയന്നൂർ | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ. ) |
| | | പറവൂർ | ഡെപ്യൂട്ടി കളക്ടർ (ഡി. എം. ) |
| | | ആലുവ | ഡെപ്യൂട്ടി കളക്ടർ (എൽ.എ. ) |
| | മൂവാറ്റുപുഴ | മൂവാറ്റുപുഴ | സബ് കളക്ടർ/ ആർ.ഡി.ഒ. മൂവാറ്റുപുഴ |
| | | കോതമംഗലം | |
| | | കുന്നത്തുനാട് | ഡെപ്യൂട്ടി കളക്ടർ (എൽ. ആർ. ) |
| | തൃശ്ശൂർ | തൃശ്ശൂർ | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ. ) |
| | | ചാവക്കാട് | സബ് കളക്ടർ/ ആർ.ഡി.ഒ. തൃശ്ശൂർ |
| | | തലപ്പിള്ളി | ഡെപ്യൂട്ടി കളക്ടർ (ഡി. എം. ) |

| | | | |
|---|---|---|---|
| തൃശ്ശൂർ | | കുന്നംകുളം | ഡെപ്യൂട്ടി കളക്ടർ (എൽ. ആർ.) |
| | ഇരിങ്ങാലക്കുട | മുകുന്ദപുരം | ഡെപ്യൂട്ടി കളക്ടർ (എൽ.എ.) |
| | | കൊടുങ്ങല്ലൂർ | |
| | | ചാലക്കുടി | സബ് കളക്ടർ/ ആർ.ഡി.ഒ. ഇരിങ്ങാലക്കുട |
| പാലക്കാട് | ഒറ്റപ്പാലം | ഒറ്റപ്പാലം | സബ് കളക്ടർ/ ആർ.ഡി.ഒ. ഒറ്റപ്പാലം |
| | | അട്ടപ്പാടി | |
| | | പട്ടാമ്പി | ഡെപ്യൂട്ടി കളക്ടർ (എൽ. ആർ.) |
| | | മണ്ണാർക്കാട് | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ.) |
| | പാലക്കാട് | ചിറ്റൂർ | |
| | | പാലക്കാട് | സബ് കളക്ടർ/ ആർ.ഡി.ഒ. പാലക്കാട് |
| | | ആലത്തൂർ | ഡെപ്യൂട്ടി കളക്ടർ (എൽ. എ.) |
| | | പെരിന്തൽമണ്ണ | സബ് കളക്ടർ/ ആർ.ഡി.ഒ. പെരിന്തൽമണ്ണ |
| | | [illegible] | ഡെപ്യൂട്ടി കളക്ടർ (എൽ. |

| | | | |
|---|---|---|---|
| മലപ്പുറം | പെരിന്തൽമണ്ണ | ഏറനാട് | ആർ. ) |
| | | നിലമ്പൂർ | ഡെപ്യൂട്ടി കളക്ടർ (ഡി. എം. ) |
| | | കൊണ്ടോട്ടി | |
| | തിരൂർ | തിരൂർ | സബ് കളക്ടർ/ ആർ.ഡി.ഒ. തിരൂർ |
| | | പൊന്നാനി | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ. ) |
| | | തിരൂരങ്ങാടി | ഡെപ്യൂട്ടി കളക്ടർ (എൽ. എ. ) |
| കോഴിക്കോട് | കോഴിക്കോട് | കോഴിക്കോട് | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ. ) |
| | | താമരശ്ശേരി | സബ് കളക്ടർ/ ആർ.ഡി.ഒ. കോഴിക്കോട് |
| | വടകര | വടകര | സബ് കളക്ടർ/ ആർ.ഡി.ഒ. വടകര |
| | | കൊയിലാണ്ടി | ഡെപ്യൂട്ടി കളക്ടർ (ഡി. എം. ) |
| വയനാട് | മാനന്തവാടി | മാനന്തവാടി | സബ് കളക്ടർ/ ആർ.ഡി.ഒ. മാനന്തവാടി |
| | | വൈത്തിരി | ഡെപ്യൂട്ടി കളക്ടർ (എൽ.എ. ) |
| | | സുൽത്താൻബത്തേരി | ഡെപ്യൂട്ടി കളക്ടർ (ആർ. |

| | | | |
|---|---|---|---|
| | | | ആർ. ) |
| കണ്ണൂർ | തലശ്ശേരി | തലശ്ശേരി | സബ് കളക്ടർ/ആർ.ഡി.ഒ. തലശ്ശേരി |
| | | ഇരിട്ടി | ഡെപ്യൂട്ടി കളക്ടർ (എൽ.എ. ) |
| | | പയ്യന്നൂർ | ഡെപ്യൂട്ടി കളക്ടർ (ഡി. എം. ) |
| | തളിപ്പറമ്പ | തളിപ്പറമ്പ | സബ് കളക്ടർ/ ആർ.ഡി.ഒ. തളിപ്പറമ്പ |
| | | കണ്ണൂർ | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ. ) |
| കാസർഗോഡ് | കാഞ്ഞങ്ങാട് | ഹോസ്ദുർഗ് | സബ് കളക്ടർ/ ആർ.ഡി.ഒ. കാഞ്ഞങ്ങാട് |
| | | വെള്ളരിക്കുണ്ട് | ഡെപ്യൂട്ടി കളക്ടർ (എൽ.എ. ) |
| | കാഞ്ഞങ്ങാട് | കാസർഗോഡ് | സബ് കളക്ടർ/ ആർ.ഡി.ഒ. കാസർഗോഡ് |
| | | മഞ്ചേശ്വരം | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ. ) |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
അഡിഷണൽ സെക്രട്ടറി

ലാന്റ് റവന്യു കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (A & E), കേരളം, തിരുവനന്തപുരം

അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ

കൃഷി (എൻ. സി. എ.) വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Suchitra S S

സെക്ഷൻ ഓഫീസർ

Date: 27-06-2024 19:49:14

**പകർപ്പ്** : ബഹു.റവന്യൂ ഭവനനിർമ്മാണ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

ബഹു.റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

## സംഗ്രഹം

റവന്യൂ വകുപ്പ് - കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് റവന്യൂ ഡിവിഷണൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതായ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ ഡെപ്യൂട്ടി കളക്ടർമാരെ നിയോഗിച്ചു കൊണ്ട് പുറപ്പെടുവിച്ച 27.06.2024-ലെ സ.ഉ.(അച്ചടി)നം.140/2024/RD ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(അച്ചടി) നം.142/2024/RD തീയതി,തിരുവനന്തപുരം, 28-06-2024

---

പരാമർശം:-

1. 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 12.06.2024, 20.06.2024 തീയതികളിലെ LR/2207/2022-LR(A4) നം. റിപ്പോർട്ട്.
3. 27.06.2024-ലെ സ.ഉ. (അച്ചടി) നം.140/2024/RD സർക്കാർ ഉത്തരവ്.

## ഉത്തരവ്

2008 - ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 2 ഉപവകുപ്പ് (xv എ) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച്, ഭൂമി തരംമാറ്റത്തിനായി നിലവിലുള്ളതും തീർപ്പു കൽപ്പിക്കാനിരിക്കുന്നതും തുടർന്നും ലഭിക്കുന്നതുമായ അപേക്ഷകളുടെ തീർപ്പാക്കൽ ചുമതലകൾക്കായി, സംസ്ഥാനത്തെ വിവിധ താലൂക്കുകളിൽ, ഡെപ്യൂട്ടി കളക്ടർമാരെ നിയോഗിച്ച് പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് ചുവടെ ചേർത്ത പ്രകാരം ഭേദഗതി വരുത്തിക്കൊണ്ട് ഉത്തരവാകുന്നു.

| ജില്ല | റവന്യൂ ഡിവിഷണൽ ആഫീസ് | താലൂക്ക് | ചുമതല നൽകുന്ന ഉദ്യോഗസ്ഥർ |
|---|---|---|---|
| തൃശ്ശൂർ | ഇരിങ്ങാലക്കുട | മുകുന്ദപുരം | സബ് കളക്ടർ/ ആർ.ഡി.ഒ. ഇരിങ്ങാലക്കുട |
| | | കൊടുങ്ങല്ലൂർ | |
| | | ചാലക്കുടി | ഡെപ്യൂട്ടി കളക്ടർ (എൽ.എ.) |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SINDHU LAL
അണ്ടർ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാരും
എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാരും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (A & E), കേരളം, എറണാകുളം
അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ
കൃഷി (എൻ. സി. എ.) വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്ബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Suchitra S S
Date: 28-06-2024 17:38:40
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രിയുടെ പി.എസ്. - ന്
ബഹു.റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ. - ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - ഭൂമി തരം മാറ്റം അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഉത്തരവാകുന്നത് - സംബന്ധിച്ച്

---

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(കൈ) നം.56/2022/RD തീയതി,തിരുവനന്തപുരം, 22-02-2022

---

പരാമർശം:- ഭൂമി തരം മാറ്റം അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കിയ പ്രൊപ്പോസൽ

**ഉത്തരവ്**

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം സംസ്ഥാനത്ത്, നിലവിൽ 27 റവന്യൂ ഡിവിഷണൽ ഓഫീസുകളിലായി 1,12,539 അപേക്ഷകൾ തീർപ്പാക്കാനായി ശേഷിക്കുന്നുണ്ട്. 25 സെന്റ് വരെ വിസ്തൃതിയുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരം മാറ്റം, സൗജന്യ നിരക്കിൽ അനുവദിച്ചുകൊണ്ട്, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിൽ വന്നിട്ടുള്ള ഭേദഗതിയുടെ അടിസ്ഥാനത്തിലും, സംസ്ഥാനത്ത് ഭൂമിയുടെ കരം അടവ് പൂർണ്ണമായും ഓൺലൈൻ ആക്കി മാറ്റിയതിനാൽ കരം രസീതിയിലൂടെ ഭൂമിയുടെ തരം മനസ്സിലാക്കുവാൻ കഴിഞ്ഞതിനാലും, തരം മാറ്റത്തിനുള്ള അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ, ഭൂമി തരം മാറ്റ അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി കൈക്കൊള്ളേണ്ടുന്ന തീരുമാനം സംബന്ധിച്ച്, പരാമർശ പ്രകാരമുള്ള പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം, തരം മാറ്റത്തിനുള്ള അപേക്ഷകൾ ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ, പ്രസ്തുത അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ, മന്ത്രിസഭായോഗ തീരുമാനത്തിന്റെ സാധൂകരണത്തിന് വിധേയമായി ഉത്തരവാകുന്നു.

1) ജൂനിയർ സൂപ്രണ്ടുമാരെ സെലക്ട് ലിസ്റ്റിൽ നിന്നും താത്ക്കാലികമായി ഉദ്യോഗക്കയറ്റം നൽകിയും, ക്ലാർക്ക്/ഡാറ്റാ എൻട്രി ഓപ്പറേറ്റർ, എന്നിവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ച

കൊണ്ടും, 990 താത്ക്കാലിക തസ്തികകൾ 6 മാസത്തേക്ക് ചുവടെ ചേർത്ത പ്രകാരം സൃഷ്ടിച്ച് ഉത്തരവാകുന്നു.

a) 5000 - ൽ അധികം അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 1 ജൂനിയർ സൂപ്രണ്ട്, 4 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ.

b) 2000 - 5000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 1 ജൂനിയർ സൂപ്രണ്ട്, 2 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ.

c) 1000 - 2000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാൻ അവശേഷിക്കുന്ന 5 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 2 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ.

d) 5000 - ൽ അധികം അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളുടെയും , 2000 - 5000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളുടെയും, പരിധിയിൽ വരുന്ന 51 താലൂക്കുകളിൽ, 1 ക്ലാർക്ക്, 3 സർവ്വേയർ.

e) അപേക്ഷകളുടെ എണ്ണം 100-ന് മുകളിൽ വരുന്ന വില്ലേജുകളിൽ, ഭൂമിയുടെ തരം മാറ്റൽ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് മാത്രമായി, ഒരു ക്ലാർക്ക്.

2) 1000-ൽ താഴെ അപേക്ഷകൾ നിലനിൽക്കുന്ന 4 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, നിലവിലുള്ള സ്റ്റാഫിന് പുറമേ, വകുപ്പിനുള്ളിൽ നിന്നു തന്നെ അധിക ജീവനക്കാരെ നിയമിച്ച് അപേക്ഷ തീർപ്പാക്കേണ്ടതാണ്.

3) ഫീൽഡ് പരിശോധനക്കായി 2 വില്ലേജുകളിൽ ഒരു വാഹനം എന്ന നിലയ്ക്ക് 6 മാസത്തേയ്ക്ക് വാടകയ്ക്ക് വാഹനസൗകര്യം അനുവദിച്ച് ഉത്തരവാകുന്നു. (വാഹനം :- എണ്ണം - 340, മാസവാടക - 35,000/- രൂപ)

4) അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായുള്ള ഐ.റ്റി അനുബന്ധ സൗകര്യങ്ങൾക്ക് വേണ്ടുന്ന ഉപകരണങ്ങളായ, കമ്പ്യൂട്ടർ, സ്കാനർ, പ്രിന്റർ എന്നിവയ്ക്ക് ആകെ 5,99,93,000/- രൂപ (അഞ്ച് കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരം രൂപ) അനുവദിച്ച് ഉത്തരവാകുന്നു.

5) മേൽ പ്രകാരമുള്ള ആവശ്യത്തിലേയ്ക്കായി, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 27ഡി വകുപ്പ് പ്രകാരമുള്ള കാർഷിക അഭിവൃദ്ധി ഫണ്ടിലേക്ക് പ്രാഥമികമായി 10 കോടി രൂപ അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ .എ .ജയതിലക് ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും

ധനകാര്യ വകുപ്പ്

നിയമ വകുപ്പ് (10.02.2022-ലെ Exp-A1/62/2022 കുറിപ്പ് പ്രകാരം)

പൊതുഭരണ (എസ്.സി) വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (A & E), കേരള, തിരുവനന്തപുരം.

ഐ & പി. ആർ. ഡി വകുപ്പ് - (വിപുലമായ പ്രചാരണത്തിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Kadeeja A A**
**Date: 22-02-2022 15:36:46**

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.മുഖ്യമന്ത്രിയുടെ പി.എസ്-ന്

ബഹു.റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

ബഹു.റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

റവന്യൂ വകുപ്പ് - കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള തരം മാറ്റത്തിനായി ശേഷിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിനായി 22.02.2022-ലെ സ.ഉ.(കൈ)നം. 56/2022/RD സർക്കാർ ഉത്തരവ് പ്രകാരം നിയമിച്ച താത്ക്കാലിക ജീവനക്കാരുടെ സേവനം, അനുബന്ധ സൗകര്യങ്ങൾ തുടങ്ങിയവ ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(കൈ) നം.278/2022/RD തീയതി,തിരുവനന്തപുരം, 26-11-2022

പരാമർശം:- 1. 22.02.2022-ലെ സ.ഉ.(കൈ)നം. 56/2022/RD സർക്കാർ ഉത്തരവ് .

2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 17.10.2022-ലെ LR/3045/2022-LR(R1) നം. കത്ത് .

**ഉത്തരവ്**

സംസ്ഥാനത്ത് 27 റവന്യൂ ഡിവിഷണൽ ഓഫീസുകളിലായി ലഭിച്ച, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള തരം മാറ്റത്തിനുള്ള അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിരുന്നതിനാൽ, അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട്, പരാമർശം (1) പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പരാമർശം (1)-ലെ ഉത്തരവ് പുറപ്പെടുവിച്ച വേളയിൽ, തരം മാറ്റവുമായി ബന്ധപ്പെട്ട് ആകെ 212169 അപേക്ഷകൾ തീർപ്പാക്കാനായി ശേഷിച്ചിരുന്നു. ടി അപേക്ഷകളിൽ, 14.11.2022 വരെ 194912 (91.87%) ഓഫ് ലൈൻ അപേക്ഷകളും, 11250 ഓൺ ലൈൻ അപേക്ഷകളും തീർപ്പാക്കുവാൻ സാധിച്ചു. നിലവിൽ 17257 ഓഫ് ലൈൻ അപേക്ഷകളും 151921 ഓൺ ലൈൻ അപേക്ഷകളും തീർപ്പാക്കുവാൻ ശേഷിക്കുന്നുണ്ട്. ഇപ്രകാരം തീർപ്പാക്കാനായി ശേഷിക്കുന്ന അപേക്ഷകൾ കൂടി തീർപ്പാക്കുന്നതോടെ, 300 കോടിയോളം രൂപ സർക്കാർ ഖജനാവിലേക്ക് അധികമായി എത്തിച്ചേരുന്നതാണെന്നും, ആയതിനാൽ, ശേഷിക്കുന്ന അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കുന്നതിനായി, പരാമർശം (1) പ്രകാരം നിയമിച്ച താൽക്കാലിക ജീവനക്കാരുടെയും, അനുവദിച്ച അനുബന്ധ സൗകര്യങ്ങളുടെയും കാലാവധി, 6 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നല്കണമെന്നും, ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (2) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

3 . ടി ആവശ്യത്തിലേക്കായി പുതിയതായി നിയമനം നടത്തുന്ന പക്ഷം, വീണ്ടും പരിശീലനം നൽകി പുതിയ ആളുകളെ നിയമിക്കുന്നത് ശ്രമകരവും സമയ നഷ്ടത്തിന് ഇടയാക്കുന്നതുമാണ്. ആയതിനാൽ, സ്പെഷ്യൽ ഡ്രൈവ് തുടരുന്നതിനായി, നിയമ/ ചട്ടങ്ങൾ സംബന്ധിച്ചും മറ്റ് സാങ്കേതിക വിഷയങ്ങൾ സംബന്ധിച്ചും പരിശീലനം

നൽ കി നിയമിച്ചിട്ടുള്ളവരെ, നിലവിലെ 179 ദിവസത്തെ സേവന കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക്, ഹ്രസ്വ കാലത്തേക്ക് വിടുതൽ ചെയ്ത ശേഷം പുനർനിയമിച്ചു കൊണ്ട്, ടിയാളുകളുടെ സേവനം, ആറ് മാസത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകിയാൽ തരം മാറ്റത്തിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നത് തടസ്സം കൂടാതെ നടപ്പിലാക്കുവാൻ കഴിയും എന്ന് വിലയിരുത്തുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സേവനകാലാവധി വീണ്ടും ദീർഘിപ്പിക്കുകയില്ല എന്ന നിബന്ധനയോടെ, പൊതു താല്പര്യം പരിഗണിച്ച്, കേരള നെൽവയൽതണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള തരം മാറ്റത്തിനുള്ള അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽദൗത്യത്തിനായി, പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച സർക്കാർഉത്തരവിന്റെ അടിസ്ഥാനത്തിൽനിയമിച്ച താത്ക്കാലിക ജീവനക്കാരുടെ സേവനം, 179 ദിവസ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക്, ഒരു ദിവസത്തെ ഇടവേള നല്കിയശേഷം താത്ക്കാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി 179 ദിവസത്തേക്കുകൂടി ദീർഘിപ്പിച്ചു കൊണ്ട്, പുനർനിയമിച്ച് ചുവടെ പറയുന്ന നിബന്ധനകളോടെ ഉത്തരവാകുന്നു.

A) ജൂനിയർസൂപ്രണ്ടുമാരെ സെലക്ട് ലിസ്റ്റിൽനിന്നും താത്ക്കാലികമായി ഉദ്യോഗക്കയറ്റം നൽകി നിയമിക്കേണ്ടതാണ്.

B) 5000 –ൽ അധികം അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ 1 ജൂനിയർ സൂപ്രണ്ട്, 4 ക്ലാർക്ക് 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ ക്രമത്തിൽ നിയമിക്കണം

C) 2000 - 5000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ1 ജൂനിയർ സൂപ്രണ്ട്, 2 ക്ലാർക്ക് , 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ ക്രമത്തിൽ നിയമിക്കണം

D) 1000 - 2000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കൽ അവശേഷിക്കുന്ന 5 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 2 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ ക്രമത്തിൽ നിയമിക്കണം

E) 5000 –ൽ അധികം അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളുടെയും 2000 - 5000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളുടെയും, പരിധിയിൽ വരുന്ന 51 താലൂക്കുകളിൽ, 1 ക്ലാർക്ക്, 3 സർവ്വേയർ ക്രമത്തിൽ നിയമിക്കണം

F) അപേക്ഷകളുടെ എണ്ണം 100-ന് മുകളിൽ വരുന്ന വില്ലേജുകളിൽ, ഭൂമിയുടെ തരം മാറ്റൽ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് മാത്രമായി, ഒരു ക്ലാർക്കിനെ നിയമിക്കണം.

G) 1000- ൽ താഴെ അപേക്ഷകൾ നിലനിൽക്കുന്ന 4 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, നിലവിലുള്ള സ്റ്റാഫിന് പുറമേ വകുപ്പിനുള്ളിൽ നിന്നു തന്നെ അധിക ജീവനക്കാരെ നിയമിച്ച് അപേക്ഷ തീർപ്പാക്കേണ്ടതാണ്.

H) ഫീൽഡ് പരിശോധനക്കായി 2 വില്ലേജുകളിൽ ഒരു വാഹനം എന്ന നിലയ്ക്ക് 6 മാസത്തേയ്ക്ക് വാടകയ്ക്ക് വാഹനസൗകര്യം അനുവദിച്ച് ഉത്തരവാകുന്നു. (വാഹനം :- എണ്ണം - 340, മാസവാടക 35,000/- രൂപ )

I) മേൽ പ്രകാരമുള്ള ആവശ്യത്തിലേയ്ക്കായി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 27ഡി വകുപ്പ് പ്രകാരമുള്ള കാർഷിക അഭിവൃദ്ധി ഫണ്ടിലേക്ക് 10 കോടി രൂപ കൂടി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും
ധനകാര്യ വകുപ്പ് (15-11-2022-ലെ E-2242858/EXP-D1/25/2022-FIN പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് ഇനം( )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (A& E) , കേരള , തിരുവനന്തപുരം
ഐ & പി.ആർ.ഡി വകുപ്പ് (വിപുലമായ പ്രചാരണത്തിന്)

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sujith G R
Date: 26-11-2022 15:51:03
സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം തരംമാറ്റത്തിനായുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനായി രണ്ട് വർഷത്തേയ്ക്ക്, താൽക്കാലിക തസ്തിക സൃഷ്ടിച്ച്, സ്ഥാനക്കയറ്റം വഴിയും പി.എസ്.സി. മുഖേനയും സ്ഥിര ജീവനക്കാരെ നിയമിക്കുന്നതിന് -അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(കൈ) നം.206/2023/RD തീയതി,തിരുവനന്തപുരം, 01-09-2023

---

പരാമർശം:-
1. 22.02.2022-ലെ സ.ഉ (കൈ) നം.56/2022/RD ഉത്തരവ്.
2. 26.11.2022-ലെ സ.ഉ (കൈ) നം.278/2022/RD ഉത്തരവ്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 22.05.2023-ലെ 3045/2022-LR-R1 നം.റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരം മാറ്റത്തിനുള്ള അപേക്ഷകൾ ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ, പ്രസ്തുത അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട്, പരാമർശം (1) പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. തുടർന്ന്, പൊതു താല്പര്യം പരിഗണിച്ച്, ശേഷിക്കുന്ന അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കുന്നതിനായി, സേവനകാലാവധി വീണ്ടും ദീർഘിപ്പിക്കുകയില്ല എന്ന നിബന്ധനയോടെ, പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമിച്ച താത്ക്കാലിക ജീവനക്കാരുടെ സേവനം, 179 ദിവസ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക്, ഒരു ദിവസത്തെ ഇടവേള നല്കിയശേഷം, താത്ക്കാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി 1 7 9 ദിവസത്തേക്കുകൂടി ദീർഘിപ്പിച്ചു കൊണ്ട് പുനർനിയമിക്കുന്നതിനും, അനുവദിച്ച അനുബന്ധ സൗകര്യങ്ങളുടെ കാലാവധി 6 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നതിനും, പരാമർശം (2) പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. ഭൂമി തരംമാറ്റം പോലുള്ള ഫയലുകൾ അടിയന്തിരമായി തീർപ്പാക്കേണ്ടതുണ്ട് എന്നതിനാൽ, ആയത്, റവന്യൂ ഡിവിഷണൽ ആഫീസുകളിലെ നിലവിലുള്ള മാനുഷിക ശേഷിക്ക് അപ്രാപ്യമായ സംഗതിയാണെന്നും, ആയതിനാൽ ജൂനിയർ സൂപ്രണ്ടുമാരുടെയും സീനിയർ ക്ലാർക്കുമാരുടെയും താത്ക്കാലിക തസ്തിക സൃഷ്ടിച്ച്, ടി തസ്തികകളിലേയ്ക്ക് താത്ക്കാലികമായി ജീവനക്കാരെ സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നതിനുള്ള അനുമതി നൽകണമെന്നും, പരാമർശം (1)-ലെയും പരാമർശം (2)-ലെയും ഉത്തരവുകൾ പ്രകാരം ജോലി ചെയ്തിരുന്ന താത്ക്കാലിക ജീവനക്കാരുടെ കാലാവധി 02.06.2023 തീയതി മുതൽ അവസാനിച്ച സാഹചര്യത്തിൽ, പരാമർശം ( 3 ) പ്രകാരം, ലാൻഡ് റവന്യൂ കമ്മീഷണർ

ആവശ്യപ്പെട്ടിരുന്നു.

4. ലാൻഡ് റവന്യൂ കമ്മീഷണറുടെ ടി നിർദ്ദേശം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ഭൂമി തരം മാറ്റത്തിന് കുടിശ്ശികയായി കിടന്ന ഓഫ് ലൈൻ അപേക്ഷകൾ തീർപ്പാക്കുന്നതിന്, മേൽ പ്രകാരം ലഭ്യമാക്കിയ അധിക സൗകര്യങ്ങൾ വളരെയേറെ പ്രയോജനപ്പെടുകയുണ്ടായി. സംസ്ഥാനത്താകെ, നിലവിൽ, തരം മാറ്റത്തിനായി ലഭിച്ച 2 ലക്ഷത്തിലധികം ഓൺലൈൻ അപേക്ഷകൾ തീർപ്പാക്കാനായുള്ളതാണ്. കൂടാതെ, പ്രതിദിനം 500-ൽ അധികം ഓൺലൈൻ അപേക്ഷകൾ, സംസ്ഥാനത്താകെയുള്ള റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ ലഭിച്ചു കൊണ്ടിരിക്കുന്നുമുണ്ട്. മാത്രമല്ല, പരാമർശം (1)-ലെയും പരാമർശം (2)-ലെയും ഉത്തരവുകൾ പ്രകാരം ജോലി ചെയ്തിരുന്ന താത്ക്കാലിക ജീവനക്കാരുടെ കാലാവധി 02.06.2023 തീയതി മുതൽ അവസാനിച്ച സാഹചര്യത്തിൽ, എല്ലാ ജീവനക്കാരും പിരിഞ്ഞു പോയിട്ടുമുണ്ട്.

5. തരംമാറ്റവുമായി ബന്ധപ്പെട്ട വിവിധ രേഖകളുടെ പരിശോധന, വില്ലേജ് ഓഫീസർ / കൃഷി ഓഫീസർ എന്നിവർ സമർപ്പിക്കുന്ന റിപ്പോർട്ടുകളുടെ പരിശോധന, പരിവർത്തന ഫീസ് കണക്കുകൂട്ടൽ, സ്ഥലപരിശോധന ഉറപ്പാക്കേണ്ട കേസുകളിൽ KSREC റിപ്പോർട്ട് ശേഖരിച്ച് പരിശോധിക്കൽ എന്നിവയും, കൂടാതെ, വൈകിയുള്ള ജനന-മരണ രജിസ്ട്രേഷൻ, മജിസ്റ്റീരിയൽ നടപടിക്രമങ്ങൾ, രക്ഷാകർത്താക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമം സംബന്ധിച്ച നിയമം, ഭൂമിയുടെ ന്യായവില നിർണ്ണയം, CrPC വകുപ്പ് 174, 133, പ്രകാരമുള്ള നടപടികൾ, പലവിധ അപ്പീലുകൾ, എന്നിങ്ങനെ അനവധി ചുമതലകൾ, ദിനംപ്രതി, റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ സമയബന്ധിതമായി കൈകാര്യം ചെയ്യേണ്ടതായിട്ടുണ്ട്. എന്നാൽ, ജോലി ഭാരത്തിന് അനുസരിച്ചുള്ള ജീവനക്കാർ റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ നിലവിലില്ലാത്തതാണ് .

6. ഭൂമി തരംമാറ്റ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനായി, താത്ക്കാലിക ജീവനക്കാരെ ഇനി നിയമിക്കണമെങ്കിൽ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പുതിയ ലിസ്റ്റ് ആവശ്യപ്പെട്ട് അതിൽ നിന്നും അഭിമുഖം നടത്തി നിയമിക്കണം. ആയതിന് തന്നെ ആറുമാസത്തോളം സമയം വേണ്ടിവരും. ഇത്തരത്തിൽ നിയമിക്കുന്ന ജീവനക്കാർക്ക് യൂസർനെയിം, പാസ്സ്‌വേർഡ് എന്നിവ നൽകാനോ റസ്പോൺസിബിലിറ്റി ഫിക്സ് ചെയ്യാനോ കഴിയില്ല. കൂടാതെ, ഭൂമി തരംമാറ്റത്തിനായുള്ള ഓൺലൈൻ അപേക്ഷകളെ സംബന്ധിച്ച്, ഇൻറർ മീഡിയറി ഓഫീസർമാരായ ജൂനിയർ സൂപ്രണ്ടുമാരുടെ എണ്ണവും കൂടുതലായി ആവശ്യമാണ്.

7. 2022-23 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഓൺലൈൻ അപേക്ഷകളുടെ തീർപ്പാക്കലിലൂടെ മാത്രം 385.79 കോടി രൂപ സർക്കാർ ഖജനാവിലേക്ക് എത്തി ചേർന്നിട്ടുള്ളതാണ്. ഇപ്രകാരം, ഭൂമി തരംമാറ്റ അപേക്ഷകളുടെ തീർപ്പാക്കലിലൂടെ, ഓരോ വർഷവും സർക്കാരിലേക്ക് ചുരുങ്ങിയത് 200 കോടി രൂപ ലഭിക്കുന്നതുമാണ്.

8. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം, ഭൂമി തരംമാറ്റത്തിനായി ശേഷിക്കുന്ന അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിനും, തുടർന്നും ലഭിച്ചു കൊണ്ടിരിക്കുന്ന അപേക്ഷകളിൽ കാലതാമസം കൂടാതെ നടപടി സ്വീകരിക്കുന്നതിനുമായി, രണ്ട് വർഷത്തിനു ശേഷം വരുന്ന ഒഴിവുകളിൽ ജീവനക്കാരെ ആഗിരണം ചെയ്യാം എന്ന നിബന്ധനയിൽ, രണ്ട് വർഷത്തേയ്ക്ക് താത്ക്കാലിക തസ്തിക സൃഷ്ടിച്ച്, **6 8 ജൂനിയർ സൂപ്രണ്ട് മാരെ സ്ഥാനക്കയറ്റത്തിലൂടെയും, 181 ക്ലാർക്കുമാരെ പബ്ലിക് സർവ്വീസ് കമ്മീഷൻ** മുഖേനയും നിയമിക്കുന്നതിന് അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു. കൂടാതെ, മുമ്പ് സേവനമനുഷ്ഠിച്ചിരുന്ന 140 **സർവ്വേയർമാരിൽ നിന്നും, പ്രവർത്തന മികവ് പുലർത്തിയിട്ടുള്ള 123 സർവ്വേയർമാരെ, താത്ക്കാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ നിബന്ധനകൾക്ക്**

**വിധേയമായി, ദിവസവേതന അടിസ്ഥാനത്തിൽ** 179 ദിവസത്തേക്ക് കൂടി നിയമിക്കുന്നതിനും, ഫീൽഡ് പരിശോധനയ്ക്കായി 220 വാഹനങ്ങൾ വാടകയ്ക്ക് ഒരു വർഷത്തേക്ക് അനുവദിച്ചും ഉത്തരവാകുന്നു .

9. കോട്ടയം ജില്ലയിൽ, മേൽ സ്ഥാനക്കയറ്റങ്ങളും നിയമനങ്ങളും , തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം അവസാനിക്കുന്ന മുറയ്ക്ക് മാത്രം ബാധകമാകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാന്റ്റവന്യൂകമ്മീഷണർ,തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും
ധനകാര്യവകുപ്പ് ( 26.07.2023-ലെEXP-D1/25/2022-FIN പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം............................പ്രകാരം)
പ്രിൻസിപ്പൽ അക്കാണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (A&E) , കേരളം, തിരുവനന്തപുരം.
ഐ & പി. ആർ. ഡി വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Kadeeja A A
സെക്ഷൻ ഓഫീസർ
Date: 01-09-2023 15:59:28

പകർപ്പ് : ബഹു.മുഖ്യമന്ത്രിയുടെ പി.എസ്-ന്
ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
ബഹു.റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്